# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4885

04.07.2012-ൽ മറുപടിക്ക്

## ബോട്ടുനിർമ്മാണ യാർഡുകൾക്ക് രജിസ്ട്രേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ.കെ. വിജയൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ബോട്ടുനിർമ്മാണ യാർഡുകൾക്ക് രജിസ്ട്രേഷൻ സമ്പ്രദായം ഇല്ലാത്തതുമൂലം ആർക്കും യാർഡുണ്ടാക്കി ബോട്ടുനിർമ്മാണം നടത്താം എന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ; | (എ) | സംസ്ഥാനത്ത് ബോട്ടു നിർമ്മാണ യാഡുകൾക്ക് ഫിഷറീസ് വകുപ്പ് രജിസ്ട്രേഷൻ നൽകുന്നില്ല. |
| (ബി) | യാർഡുകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കാൻ ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | മത്സ്യബന്ധനയാനങ്ങളുടെ നിർമ്മാണ യാർഡുകൾ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശം പ്രൊഫ.മധുസൂദനകുറുപ്പ് ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അന്യസംസ്ഥാനക്കാർ കേരളത്തിൽ ബോട്ടുനിർമ്മാണം നടത്തുന്നത് മത്സ്യബന്ധന മേഖലയിൽ ആശങ്കയുണ്ടാക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇത്തരം ബോട്ടുനിർമ്മാണ സംഘങ്ങളെക്കുറിച്ചും അവരുടെ സാമ്പത്തിക ഉറവിടത്തെക്കുറിച്ചും അന്വേഷിച്ച് ഇതുവരെയായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ